**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2526** **27-02-2023 - ൽ മറുപടിയ്ക്ക്**

**കയർ ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കയർ വ്യവസായ മേഖലയിലെ ഉല്പാദനം വർദ്ധിപ്പിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (എ) | കേരളത്തിലെ കയർ വ്യവസായ മേഖലയിലെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും കൂടുതൽ തൊഴിൽ ദിനങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനും വിദേശ-ആഭ്യന്തര കമ്പോളങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ കേരള സംസ്ഥാന കയർ കോർപ്പറേഷൻ നടത്തിവരുന്നു. ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം കേരളത്തിലെ ചെറുകിട കയറുല്പാദകർ സഹകരണ സംഘങ്ങൾ മുഖേന ഉല്പാദിപ്പിച്ച കയറുല്പന്നങ്ങൾ കയർ കോർപ്പറേഷൻ സംഭരിച്ചു വരുന്നു. കയർഫെഡ് മുഖേന സംഭരണം നടത്തിയ ടി ഉല്പന്നങ്ങളെല്ലാം പരമ്പരാഗത കയർ തൊഴിലാളികൾ നിർമ്മിക്കുന്നവയാണ്.<br><br>കയർ കോർപ്പറേഷന്റെ ബേപ്പൂർ, കണിച്ചുകുളങ്ങര, അട്ടൂർ യൂണിറ്റുകളിൽ സമ്പൂർണ്ണയന്ത്രവത്ക്കരണം നടപ്പിലാക്കി ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഡിഫൈബറിംഗ് യൂണിറ്റുകളും യന്ത്രവത്കൃത കയർപിരി യൂണിറ്റുകൾ തുടങ്ങുന്നതിനുമായി ഓട്ടോമാറ്റിക് സ്പിന്നിങ് മെഷീനുകൾ സഹകരണ സംഘങ്ങൾക്ക് കയർഫെഡ് മുഖേന നൽകിയിട്ടുണ്ട്. ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് കയർ കംമ്പോസിറ്റ് ബോർഡുകളുടെ ഉല്പാദനം വർദ്ധിപ്പിച്ചിട്ടുണ്ട് ഇതുവഴി കമ്പനിയുടെ ആകെ ഉല്പാദനത്തിൽ വർദ്ധനവ് വരുത്തുവാൻ സാധിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്ത് പരമ്പരാഗത തൊഴിലാളികളെ സംരക്ഷിച്ചുകൊണ്ട് കാലാനുസൃതമായ യന്ത്രവത്ക്കരണത്തിലൂടെയും ഉല്പന്ന വൈവിദ്ധ്യവത്ക്കരണത്തിലൂടെയും കയർ വ്യവസായം നേരിടുന്ന പ്രതിസന്ധി അതിജീവിക്കാൻ പ്രവർത്തനങ്ങൾ തുടർന്നു വരികയാണ്. യന്ത്രവത്ക്കരണത്തിന്റെ ഭാഗമായി ഓട്ടോമാറ്റിക് |

| | | | |
|---|---|---|---|
| | | | സ്പിന്നിംഗ് മെഷീനുകൾ, ഇ-റാട്ടുകൾ, ഡീഫൈബറിംഗ് മില്ലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കയറുല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിലേയ്ക്കായി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി പഞ്ചായത്തുകളിൽ നടപ്പ സാമ്പത്തിക വർഷം നാളിതുവരെ 50.26 ലക്ഷം ചതുരശ്ര മീറ്റർ കയർ ഭൂവസ്ത്രം വിതരണം ചെയ്തിട്ടുണ്ട്. ഉല്പന്ന വൈവിദ്ധ്യവത്ക്കരണത്തിന്റെ ഭാഗമായി എൻ.സി.ആർ.എം.ഐ. പരിസ്ഥിതി സൗഹൃദമായ ഇ-കയർ ബാഗുകൾ രൂപകല്പന ചെയ്ത് ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് വഴി ഉല്പാദിപ്പിച്ച് വിതരണം ചെയ്ത് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ